# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**VOL. XXXXIX/FK- 94** **2016 JUNE 20** **NO. 7**


### CIRCULAR - 17
# യുവജനദിനം

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2016 ജൂലൈ 10-ാം തീയതിയാണ് ഈ വർഷം കേരളസഭ യുവജനദിനം ആചരിക്കുന്നത്. എല്ലാ യുവജനങ്ങൾക്കും യുവജന ശുശ്രൂഷകർക്കും യുവജനദിനത്തിന്റെ ആശംസകൾ നേരുന്നു.

യുവജനങ്ങൾ സഭയുടെ കരുത്തും പ്രതീക്ഷയുമാണ്. അതുകൊണ്ടുതന്നെ യുവജനശുശ്രൂഷ സഭയുടെ സുപ്രധാനമായ ഒരു അജപാലന മേഖലയാണ്. നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്ന യൂത്ത് അപ്പോസ്തലേറ്റിന്റേയും, കെ.സി.വൈ.എം., ജീസസ്സ് യൂത്ത്, സി.എൽ.സി. തുടങ്ങിയ യുവജന സംഘടനകളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളോട് നിങ്ങൾ കാണിക്കുന്ന തുറന്ന സഹകരണത്തിനും സഹായത്തിനും പ്രത്യേകം എല്ലാവരെയും അഭിനന്ദിക്കുന്നു.

മഹത്തായ ആദർശങ്ങൾ തങ്ങളുടെ ജീവിതത്തിൽ അനുവർത്തിക്കുന്നവരായിരിക്കണം യുവജനങ്ങളെന്ന് പരിശുദ്ധ പിതാവ്

ഫ്രാൻസിസ് പാപ്പാ നമ്മെ ഉത്ബോധിപ്പിക്കുന്നുണ്ട്. കർമ്മധീരരായ യുവജനങ്ങൾ മാതൃകാപരമായ സേവനശുശ്രൂഷകളിലൂടെ സഭയുടെ പ്രേഷിതദൗത്യം ജനഹൃദയങ്ങളിൽ എത്തിക്കാൻ ബാധ്യസ്ഥരാണ് എന്നുള്ള കാര്യം നിങ്ങളെ ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുന്നു. യുവാവ് എന്ന നിലയിൽ യേശു നല്കിയ മാതൃക നിങ്ങളെ എന്നും വഴിനടത്തട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ജൂലൈ 31-ാം തീയതി ഞായറാഴ്ച എറണാകുളം ആശീർഭവനിൽവെച്ച് നമ്മുടെ അതിരൂപതയിലെ യുവജനദിനാഘോഷം 'Youth Meet 2016' നടത്തപ്പെടുന്നു. പ്രസ്തുത പരിപാടികളിലേക്ക് എല്ലാ യുവജനങ്ങളേയും യുവജനപ്രേഷിതരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

കരുണയുടെ അസാധാരണ ജൂബിലിവർഷത്തിലെ യുവജനദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2016 ജൂലൈ 10-ാം തീയതി ഞായറാഴ്ച** ദിവ്യബലിമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്. യുവജനദിനത്തിലെ പ്രത്യേക പിരിവ് താമസിയാതെ അതിരൂപതാകച്ചേരിയിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്,

എറണാകുളം ✠ ***ഫ്രാൻസിസ് കല്ലറക്കൽ***
20.06.2016 വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്താലീത്ത

## യുവജനദിനം 2015 – ജൂലൈ 10, ഞായർ

### കെ. സി. ബി. സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

### "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്തായി 5:7)

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങൾക്കായി പോളണ്ടിലെ ക്രാക്കോവ് നഗരം ഒരുങ്ങുകയാണ്. ലോകത്താകമാന മുള്ള യുവജനങ്ങൾ തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുന്നതിനും സഭ യോടുള്ള സഹവർത്തിത്വം ഊട്ടിഉറപ്പിക്കുന്നതിനും സമൂഹത്തോടുള്ള തങ്ങളുടെ ക്രൈസ്തവമായ പ്രതിജ്ഞാബദ്ധത നവീകരിക്കുന്നതിനു മായി ആഘോഷപൂർവം ഒന്നുചേരുന്ന ദിനങ്ങളാണ് ജൂലൈ മാസം 25 മുതൽ 31 വരെയുള്ള യുവജനദിനാഘോഷ വേള. കരുണയുടെ മഹാജൂബിലി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങ ളുടെ കൂടിവരവുകളെല്ലാം ഈ കാലഘട്ടത്തിൽ കരുണയുടെ യുവജ നസാക്ഷികളാകാനുള്ള ഓർമ്മപ്പെടുത്തലാണ്.

### പിതാവിനെപ്പോലെ കരുണാപൂർണർ (Merciful like the father)

കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആത്പവാക്യം വിശുദ്ധ ലൂക്കായുടെ സുവിശേഷം ആറാം അധ്യായം മുപ്പത്തിയൊന്നാം തിരുവചനത്തെ കേന്ദ്രീകരിച്ചുള്ളതാണ്. "നിങ്ങളുടെ പിതാവ് കരുണ യുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കു വിൻ". വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം അറിയപ്പെടുന്നത്, 'കരു ണയുടെ സുവിശേഷം' എന്നാണ്. മാപ്പു നല്കലിന്റെ സുവിശേഷം, ദരിദ്രരുടെ സുവിശേഷം, സ്ത്രീകളുടെ സുവിശേഷം, വിജാതീയരുടെ സുവിശേഷം എന്നിങ്ങനെ വിവിധ വിശേഷണങ്ങൾ കരുണയുടെ സുവിശേഷം എന്നറിയപ്പെടുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷ ത്തിനുണ്ട്.

കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിൽ യുവജ നങ്ങൾ സവിശേഷശ്രദ്ധയോടെ വായിക്കുകയും പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യേണ്ട ഒന്നാണ് കരുണയുടെ സുവിശേഷം. സമൂഹ ത്തിന്റെ സമഗ്രവിമോചനത്തിനായി എന്നും മുന്നിട്ടിറങ്ങി ശബ്ദമില്ലാ ത്തവരുടെ ശബ്ദമായി സമൂഹത്തിലെ വേറിട്ട ശബ്ദമായി നിലനി ല്ക്കേണ്ട യുവജനങ്ങളുടെ മാതൃകയും പ്രതീക്ഷയുമായ യുവാവായ

യേശുനാഥന്റെ നയപ്രഖ്യാപനം വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന പ്രത്യേകതയാണ്. “കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു”.

## കരുണയുടെ യുവജനസാക്ഷികൾ

ബേത്‌ലേഹമിൽ നിന്നും കാൽവരിയോളം സഞ്ചരിച്ച മനുഷ്യനായി പിറന്ന യേശുനാഥൻ തന്റെ മുഖം കരുണയുടേതാണെന്ന് തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തോട് വിളിച്ചു പറഞ്ഞു. വിശക്കുന്നവന് അപ്പമായും രോഗിക്ക് സൗഖ്യമായും തളർന്നവന് ആശ്വാസമായും മനമിടിഞ്ഞവർക്ക് പ്രതീക്ഷയായും മരിച്ചവന് ഉത്ഥാനമായും ലോകം അവനെ പ്രതീക്ഷയോടെ തിരിച്ചറിഞ്ഞു.

തന്റെ വാക്കിലും പ്രവൃത്തിയിലും കാരുണ്യം കവിഞ്ഞൊഴുക്കി, ആശ്വാസദായകനായി കടന്നുവന്ന യേശുനാഥൻ എക്കാലത്തും യുവജനങ്ങളുടെ മാതൃകയാണ്. നൂറ്റാണ്ടുകൾക്കിപ്പുറം വിവിധ സേവനമേഖലകളിൽ തങ്ങളുടെ ജീവിതം യേശുവിനുവേണ്ടി പൂർണമായും സമർപ്പിച്ച് മനുഷ്യർക്കായി പൂർണമായി പങ്കുവയ്ക്കുന്ന കരുണയുടെ മാലാഖമാരിലൂടെ ഇന്നും പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനെ ലോകം തിരിച്ചറിയുന്നു. ലോകത്തിന്റെ വിവിധ മിഷൻ മേഖലകളിൽ വേല ചെയ്യുന്ന സന്ന്യസ്തരിലും പുരോഹിതരിലും അല്മായ സഹോദരങ്ങളിലും ഭൂരിഭാഗവും യുവനജങ്ങളാണ്. യുദ്ധഭൂമിയിലും സദാ ജാഗരൂകരായി തങ്ങളുടെ മാതൃരാജ്യത്തിനു കാവൽനില്ക്കുന്ന അതിർത്തി മേഖലകളിലും കരുണയുടെയും നീതിയുടെയും കാവൽ ഭടന്മാരാകുന്നത് സ്വജീവിതം അനേകർക്കായി ത്യാഗമായി നല്കുന്ന യുവജനങ്ങളാണ്.

## കരുണയുള്ളവർ ഭാഗ്യവാന്മാർ

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യം വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായത്തിലെ സവിശേഷഭാഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന തിരുവചനഭാഗങ്ങളിലെ ഏഴാം വാക്യമാണ്. “കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും” (മത്തായി 5:7). കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആപ്തവാക്യവും ലോകയുവജനദിനാഘോഷ

ങ്ങളുടെ ആപ്തവാക്യവും ഏറെ സമാനതകളുള്ളതാണ്. പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥന്റെ കരുണയുടെ യുവജനസാക്ഷികളാകാനുള്ള വിളി ഈ കാലഘട്ടത്തിന്റെ പ്രത്യേക നിയോഗമായി ഏറ്റെടുത്തുകൊണ്ട് ഭീകരതയും പട്ടിണിയും അക്രമവും അസമത്വവും അഴിമതിയും മനുഷ്യനിർമ്മിതമായ പ്രകൃതി ദുരന്തങ്ങളും കൊടികുത്തി വാഴുന്ന ആധുനികലോകത്തിൽ കരുണയുടെ കാവൽക്കാരായി യേശുവിന് സാക്ഷ്യം വഹിക്കണമെന്ന് ഈ തിരുവചനങ്ങൾ ഓർമ്മിപ്പിക്കുന്നു.

## കാരുണ്യവർഷവും കേരളത്തിലെ യുവജനങ്ങളും

കേരളത്തിലെ മുപ്പത്തിയൊന്ന് രൂപതകളിലെയും യുവജനങ്ങളുടെ പഠനത്തിനും വിചിന്തനത്തിനും കർമ്മപദ്ധതികൾക്കുമായി കെസിബിസി യുവജനകമ്മീഷൻ ഈ വർഷം മുമ്പോട്ടുവയ്ക്കുന്ന പഠനവിഷയം, ആഗോള കത്തോലിക്കാസഭയുടെ കാരുണ്യവർഷചിന്തകളോടും ഫ്രാൻസിസ് മാർപാപ്പായുടെ ലോകയുവജനദിനസന്ദേശത്തോടും താദാത്മ്യം പ്രാപിച്ചുകൊണ്ടുള്ളതാണ്. കേരളത്തിലെ എല്ലാ യുവജനസംഘടനകളും കെസിബിസി യുവജനകമ്മീഷൻ മുമ്പോട്ടുവയ്ക്കുന്ന പഠനവിഷയമായ **'കരുണയുടെ യുവജനസാക്ഷികൾ: പരിസ്ഥിതി സൗഹൃദം - ലഹരി വിരുദ്ധസമൂഹം - ജീവന്റെ സംരക്ഷണം'** എന്ന പഠനവിഷയം അത് അർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.

ഈ വർഷത്തെ പ്രധാന പഠനവിഷയമായ 'കരുണയുടെ യുവജനസാക്ഷികൾ' എന്ന പ്രധാന തലവാചകത്തിന്റെ ഉപവിഭാഗങ്ങളാണ് 'പരിസ്ഥിതി സൗഹൃദം', 'ലഹരിരഹിതസമൂഹം', 'ജീവന്റെ സംരക്ഷണം' എന്നിവ. മനുഷ്യനും പരിസ്ഥിതിയും നേരിടുന്ന ആധുനിക വെല്ലുവിളികൾ ഏറെ കരുണയോടും ശ്രദ്ധയോടും സമീപിക്കേണ്ട വിഷയങ്ങളാണെന്നും അവയെ പരിചരിക്കുന്നതിൽ കരുണയുടെ യുവജനസാക്ഷികളാകുവാനുള്ള പ്രത്യേക വിളിയാണ് ഓരോ യുവാവിനും യുവതിക്കും ഉള്ളതെന്നും ഈ പഠനവിഷയം നമ്മെ അനുസ്മരിപ്പിക്കുന്നു.

തീരദേശ മക്കളുടെ നിലയ്ക്കാത്ത കണ്ണീരും നാളയെക്കുറിച്ചുള്ള ആകുലതയും മലനാടിന്റെ പച്ചയായ മനുഷ്യരുടെ നിസ്സഹായ അവസ്ഥകളും ദളിത് വിഭാഗങ്ങളുടെ സമത്വത്തിനുവേണ്ടിയുള്ള സമരങ്ങളും ഹരിതാഭ നഷ്ടപ്പെടുന്ന ഭൂമിയുടെ ഉൾക്കിടിലങ്ങളും അന്യം നിന്നുപോകുന്ന ജീവജാലങ്ങളുടെ ജീവൻ മരണപോരാട്ടവും ഓരോ യുവാ

വിന്റെയും യുവതിയുടെയും ഉറക്കം നഷ്ടപ്പെടുത്തുന്ന പ്രതിധ്വനികളാവണം. കരുണയുടെ ഈ വർഷത്തിൽ ആഘോഷിക്കപ്പെടുന്ന യുവജനദിന കർമ്മപരിപാടികളും ഈ വർഷത്തെ എല്ലാ യുവജനശുശ്രൂഷാമേഖലകളും മനുഷ്യനെയും പ്രകൃതിയെയും എല്ലാ ജീവജാലങ്ങളെയും നൊമ്പരപ്പെടുത്തുന്ന വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നവയാവണം.

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനമായ കെസിവൈഎം മുപ്പത്തിയൊന്നു രൂപതകളിലെയും യുവജനങ്ങളിലേക്കും സഭാസമൂഹങ്ങളിലേക്കും കെസിബിസി യുവജനകമ്മീഷൻ ആവശ്യപ്പെട്ട ഈ പഠനവിഷയം എത്തിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിൽ ഏറെ സന്തോഷമുണ്ട്. കേരളത്തിലെ യുവജനശുശ്രൂഷയ്ക്ക് സംസ്ഥാനതലത്തിലും വ്യക്തിഗതസഭാതലത്തിലും എല്ലാ രൂപതകളിലും യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട സന്ന്യാസിനികളെയും അല്മായ സഹോദരങ്ങളെയും എല്ലാ യുവജനങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. തിരുസഭയുടെ നന്മകളും വിശ്വാസവും സഭയിലും സമൂഹത്തിലും പകർന്നു നല്കുന്നതിന് അവർ നല്കുന്ന സേവനങ്ങൾക്ക് ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## ഉപസംഹാരം

കരുണയുള്ള ഭാഗ്യവാന്മാരായി പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനു സാക്ഷ്യംനല്കുവാൻ സഭയുടെയും സമൂഹത്തിന്റെയും പ്രതീക്ഷയായ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ലേകയുവജനദിനത്തിന്റെ അനുഗ്രഹങ്ങളും മംഗളങ്ങളും നേർന്നുകൊണ്ട്,

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
*ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ*

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
*വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ*

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്തേഫാനോസ്**
*വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ*

# NOTIFICATION - 10

## ഇടവക പ്രഖ്യാപനം
## തിരൂഹൃദയപള്ളി, ഇടപ്പള്ളി വടക്കുംഭാഗം

ദൈവത്തിന്റെയും പരിശുദ്ധ സിംഹാസനത്തിന്റെയും അനുഗ്രഹത്താൽ വരാപ്പുഴ മെത്രാപ്പോലീത്ത ഫ്രാൻസീസ്സ് കല്ലറക്കൽ പോണേൽ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് പള്ളി, പാലാരിവട്ടം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളി, ചേരാനെല്ലൂർ സെന്റ് ജെയിംസ് പള്ളി, ഉണിച്ചിറ സെന്റ് ജൂഡ് തദേവൂസ് പള്ളി, എന്നീ ദേവാലയങ്ങളിലെ ഇടവക വികാരിമാരേയും ഇടപ്പള്ളി വടക്കും ഭാഗം തിരൂഹൃദയപള്ളി പ്രീസ്റ്റ് ഇൻ ചാർജ്ജിനെയും, അവിടത്തെ വിശ്വാസിസമൂഹത്തേയും അറിയിക്കുന്നത്.

പോണേൽ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ഇടവകയുടെ കീഴിലുള്ള ഇടപ്പള്ളി വടക്കുംഭാഗം തിരൂഹൃദയ പള്ളി 1984ലാണ് സ്ഥാപിതമായത്. അനുദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നതും ഇപ്പോൾ ഇരുന്നൂറ്റി തൊണ്ണൂറ്റിനാല് കുടുംബങ്ങൾ ഉൾകൊള്ളുന്നതും താമസംവിന സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കാൻ സാധ്യതയുള്ളതുമായ പ്രസ്തുത ദൈവാലയം ഒരു ഇടവകയായി ഉയർത്തേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുകയും അതിരൂപതാ കൗൺസിലിൽ ആലോചിക്കുകയും, ഇക്കാര്യത്തെപറ്റി റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കുകയും ചെയ്തു. പ്രസ്തുത കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടപ്പള്ളി വടക്കുംഭാഗം തിരൂഹൃദയപള്ളിക്ക് സമീപമുള്ള ജനങ്ങളുടെ അജപാലന സൗകര്യവും ആദ്ധ്യാത്മിക അഭിവൃദ്ധിയും ഇതര സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് താഴെ പറയുന്ന കല്പനകൾ ഞാൻ പുറപ്പെടുവിക്കുന്നു.

1. കാനോൻ നിയമം 515-§2 അനുശാസിക്കുന്നതുപ്പോലെ രൂപതാദ്ധ്യക്ഷന്മാർക്ക് നൽകിയിട്ടുള്ള സാധാരണ അധികാരം ഉപയോഗിച്ചുകൊണ്ട് ഇടപ്പള്ളി വടക്കുംഭാഗം തിരൂഹൃദയ ദൈവാലയം ഒരു ഇടവകയായി ഇതിനാൽ ഞാൻ ഉയർത്തുന്നു.

2. കാനോൻ നിയമം 515-§3-ഉം അതിരൂപതാ ദെക്രേത്തുകളും നൽകുന്നതും അനുശാസിക്കുന്നതുമായ എല്ലാ അവകാശാധികാരങ്ങളും ചുമതലകളും പുതിയ ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

3. ഇടപ്പള്ളി വടക്കുംഭാഗം തിരുഹൃദയ ഇടവകയുടെ അതിർത്തികൾ താഴെ പറയുന്നവിധം ആയിരിക്കും.

**കിഴക്ക്** - മഞ്ഞുമ്മൽ പുഴ - ഇടപ്പള്ളി തോട്.

**തെക്ക്** - റെയിൽവേ ലൈൻ - പറയംപിള്ളി തോട്.

**വടക്ക്** - വാടത്തോട്.

**പടിഞ്ഞാറ്** - വാടത്തോട് - പീലിയാട് തോട്.

4. പ്രസ്തുത അതിർത്തികൾക്കകത്തുള്ള എല്ലാവരേയും അവയുടെ മുൻ ഇടവകയിൽ നിന്ന് ഞാൻ വേർപെടുത്തുകയും അവരേയും അവിടെയുള്ള നമ്മുടെ എല്ലാ സ്ഥാപനങ്ങളേയും പുതുതായി രൂപീകൃതമായ ഇടപ്പള്ളി വടക്കും ഭാഗം ഇടവകയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

5. ഇടപ്പള്ളി വടക്കുംഭാഗം പള്ളിയിൽ ഇപ്പോൾ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട ജോൺ പള്ളിപറമ്പിൽ അച്ചനെ പുതിയ ഇടവകയുടെ വികാരിയായി കാനോൻ (Can.519) നിയമവും അതിരൂപതാ ദെക്രേത്തുകളും വഴി ബഹുമാനപ്പെട്ട വികാരിമാർക്കു ലഭിക്കുന്ന എല്ലാ അധികാരാവകാശങ്ങളോടും കടമകളോടും കൂടെ ഇതിനാൽ ഞാൻ നിയമിക്കുന്നു.

6. പ്രസ്തുത ഇടവകാതിർത്തിയിൽപ്പെട്ടവർ മേലിൽ ഇടപ്പള്ളി വടക്കുംഭാഗം പള്ളി വികാരിയെ തങ്ങളുടെ ആദ്ധ്യാത്മിക പിതാവായി, ഗുരുവായി അംഗീകരിച്ച് സ്നേഹബഹുമാനാദികൾ നൽകി ആദ്ധ്യാത്മികആവശ്യങ്ങൾക്ക് അദ്ദേഹത്തെ സമീപിക്കുകയും ചെയ്യണം.

7. ഇടപ്പള്ളി വടക്കുംഭാഗം തിരുഹൃദയപള്ളി 3-ാം ഫൊറോനയിൽ ഉൾപ്പെടുന്നതായിരിക്കും.

9. ഈ കല്പന 2016 ജൂൺ 3-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

10. ഈ കല്പന സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് പള്ളി പോണേൽ, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളി പാലാരിവട്ടം, സെന്റ് ജെയിംസ് പള്ളി ചേരാനെല്ലൂർ, സെന്റ് ജൂഡ് തദേവൂസ് പള്ളി ഉണിച്ചിറ എന്നീ ദേവാലയങ്ങളിൽ 2016 മേയ് 29-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിച്ച് അറിയിക്കേണ്ടതാണ്.

പുതിയ ഇടവകയ്ക്ക് ഈശോയുടെ തിരുഹൃദയത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും സംരക്ഷണവും ആദ്ധ്യാത്മികവും ഭൗതികവുമായ അഭിവൃദ്ധിയും എന്നും ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2016 മേയ് 19-ാം തീയതി.

A No. 153/2016/VP

✠ **ഫ്രാൻസിസ് കല്ലറക്കൽ**
വരാപ്പുഴ മെത്രാപ്പോലീത്ത

## CIRCULAR - 18

# കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ 5–ാം ചരമവാർഷികം

*യേശുവിൽ പ്രിയ വൈദികരേ, സന്യാസ സഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

വരാപ്പുഴ അതിരൂപതയുടെ മൂന്നാമത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്ത ആയിരുന്ന അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് ദിവംഗതനായിട്ട് 2016 ആഗസ്റ്റ് 7–ാം തീയതി അഞ്ചുവർഷം തികയുകയാണ്. പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് **ആഗസ്റ്റ് 8–ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5.30 ന്** നമ്മുടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദേവാലയത്തിൽവച്ച് പരേതസ്മരണ ദിവ്യബലി ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രസ്തുത തിരുകർമങ്ങളിൽ പങ്കുചേർന്ന് പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളം
20.06.2016

✠ *ഫ്രാൻസിസ് കല്ലറക്കൽ*
വരാപ്പുഴ മെത്രാപ്പോലീത്ത

# CASUS

## JULY - 2016

Joboy, a catholic man married to Sheila a catholic woman. The man was physically abusive to his wife and children during the time they lived together. The woman approached the ecclesiastical tribunal to be declared her marriage on the ground of defective consent of partial simulation of ***bonum coniugum*** (good of the spouses) from the part of the respondent husband and a declaration of nullity was granted. The ecclesiastical tribunal put a **"prohibition"** on the respondent husband for his future marriage in the Catholic Church because the tribunal believes that his abusive behavior is not under control, even now, and he would have to undergo psychological therapy and evaluations and to be satisfied from the expert's opinion that the man's behavior is under control to be lift the prohibition.

1. **What is a "prohibition" regarding any future marriage?**
2. **How is an intention against the "good of the spouses" manifested?** (cc. 1101, 1055, §1)

The right to marry is a part of natural law. However, it is not a limitless right; it may be restricted. Competent authorities may forbid a particular marriage or impose certain conditions on individuals before a marriage or impose certain conditions on individuals before a marriage is celebrated (Can. 1071, 1684-1685, 223.2). This is called a prohibition (***vetitum***).

**Prohibition is a restriction imposed either by a tribunal or by a local ordinary on a party, limiting or conditioning to some extent that party's right to remarry.**

Most commonly such prohibitions are imposed when there is evidence of psychological factors that would impair a person's ability to exercise due discretion or to assume the essential obligations of marriage (c. 1095). But ***vetita*** also have their place when the nullity of the prior union was rooted in other cusses. For example, a prohibition may be called for in cases of error determining the will or simulation (cc. 1099, 1101) when the evidence has indicated that a person's philosophy of life

or value system is significantly at odds with the Church's teaching on marriage.

The prohibition declares a person may not marry in the Church for a particular reason. It is placed by authorities who minister in the administrative or judicial arenas of the Church. The judicial prohibition is imposed by an ecclesiastical judge or college of judges at the end of a matrimonial nullity trial. It will be lifted once certain conditions have been met by the party upon whom it has been placed. If a person marries under a prohibition, the marriage would be illicit (illegal according to law), though nonetheless valid.

The placement of a judicial prohibition is left to the discretion of the judges. He or she evaluates the intentions and actions of the parties during the time that they lived together. As indicated in the above example, if issues of emotional, physical or sexual abuse were present, these actions would warrant a prohibition.

In addition, beliefs that are in opposition to the Church's teachings on marriage may also warrant a prohibition. For instance, if a woman's consent was defective due to an intention against fidelity, and her adulterous behavior was substantiated during the tribunal investigation, the judge may prohibit her from a future marriage. The condition for the removal of the prohibition would be that she intend any future marriage to be monogamous. If she refused to change her mindset, the prohibition would not be lifted.

Again, prohibition exists to protect the good of the individual, future spouse and possible children, as well as the sanctity of marriage. It is the Church's attempt to balance the private and public dimensions of marriage- the individual's natural-law right to marry and the broader reality of marriage that supports the total welfare of the family and community at large.

**Canons for study**

**(cc. 1071, 1684-1685, 223-§2, 1099, 1101, 1055-§1, 1101)**

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21